# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 77      28/09/2011-ൽ മറുപടിയ്ക്ക്

## മരുന്നുകളുടേയും ശസ്ത്രക്രിയാ ഉപകരണങ്ങളുടേയും വില്പന

ചോദ്യം      മറുപടി

ശ്രീ. എം. എ. ബേബി:
ശ്രീ. പി. ശ്രീരാമകൃഷ്ണൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | മരുന്നുകളുടേയും ശസ്ത്രക്രിയാ ഉപകരണങ്ങളുടേയും വിതരണം പൂർണ്ണമായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഈ സാമ്പത്തിക വർഷത്തിൽ 621 ഇനം അവശ്യ മരുന്നുകളുടെ സംഭരണവും വിതരണവും കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ്, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം എന്നിവരുടെ ആവശ്യ പ്രകാരമുള്ള ശസ്ത്രക്രിയാ ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങി നൽകുന്നുണ്ട്. |
| (ബി) | മരുന്നുകളും ശസ്ത്രക്രിയാ ഉപകരണങ്ങളും വിതരണം ചെയ്യുന്ന കമ്പനികളെ നിയന്ത്രിക്കാൻ തയ്യാറാകുമോ; എങ്കിൽ എപ്രകാരം നിയന്ത്രിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) & (സി) | മരുന്നു വില നിയന്ത്രിക്കുന്നതിന് വാണിജ്യാടിസ്ഥാനത്തിൽ വിലകൂടിയതും ബ്രാൻഡഡ് ഇനത്തിലും ഉള്ള മരുന്നുകൾ മിതമായ വിലയ്ക്ക് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വില്പന നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്രകാരം വില്പന നടത്തുകവഴി ഏറെക്കുറെ മരുന്നുകമ്പനികളെ നിയന്ത്രിക്കാനാകും. ഇതിന്റെ ആദ്യപടിയായി 840 ഇനം |

| | | | |
|---|---|---|---|
| (സി) | മരുന്നു കമ്പനികൾ മരുന്നുകളുടെ വില നിർണ്ണയിക്കുന്നതിനെ നിയന്ത്രിക്കാനുതകുന്ന വ്യവസ്ഥകൾ എന്തെല്ലാമാണ്. ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | മരുന്നുകളിൽ 31 ഇനം മരുന്നുകൾ പ്രമേഹ വിഭാഗത്തിനായും, 78 ഇനം മരുന്നുകൾ ഹൃദ്രോഗ വിഭാഗത്തിനായും, 32 ഇനം മരുന്നുകൾ വൃക്കരോഗ വിഭാഗത്തിനായും, 12 ഇനം മരുന്നുകൾ വന്ധ്യതാചികിത്സാ വിഭാഗത്തിനായും സംഭരിച്ച് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുള്ള മരുന്നുകളും സംഭരിച്ച് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ